**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 25496/AD A8-1/2025/എ ഡി എ 8 — തീയതി: 23.03.2025

## <u>സർക്കുലർ</u>

വിഷയം:- സർവ്വകലാശാല പെൻഷനർമാരുടെ 2025-26 സാമ്പത്തിക വർഷത്തെ വരുമാന നികുതി കണക്കുകളുടെ സമർപ്പണം (പ്രതീക്ഷിതം) - സ്രോതസ്സിൽ നിന്നും നികുതി കിഴിവ് നടത്തുന്നത് സംബന്ധിച്ച്

സൂചന :- ______________

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പെൻഷനർമാരുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരുമാന നികുതി കണക്കാക്കുന്നതിനായുള്ള ആന്റിസിപ്പേറ്ററി കംപ്യൂട്ടേഷൻ സ്റ്റേറ്റ്മെന്റ് ഫോറം ഔദ്യോഗിക വെബ്സൈറ്റായ "www.mgu.ac.in"-ലെ 'Circulars' എന്ന ലിങ്കിലും Pensioners Portal - ലും ലഭ്യമാണ്.

പ്രസ്തുത ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി ആയതിൻറെ ഹാർഡ്കോപ്പി 2025-26 സാമ്പത്തിക വർഷത്തെ സേവിംഗ്സ് സംബന്ധമായ പ്രതീക്ഷിത കണക്കുകൾ സഹിതം **രജിസ്ട്രാർ, മഹാത്മാഗാന്ധി സർവ്വകലാശാല , പ്രിയദർശിനി ഹിൽസ് P.O., കോട്ടയം-686560** എന്ന വിലാസത്തിൽ 2025 ഏപ്രിൽ 15-ന് മുൻപായി അയച്ചുതരേണ്ടതാണ്.

### <u>ആദായ നികുതി വിവരങ്ങളുടെ സമർപ്പണവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിബന്ധനകൾ</u>

1) 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ ലഭിച്ചതും ലഭിക്കാനുള്ളതുമായ പെൻഷൻ, ക്ഷാമാശ്വാസ കുടിശ്ശിക, പെൻഷൻ പരിഷ്കരണ കുടിശ്ശിക, മറ്റേതെങ്കിലും ഇനത്തിൽ ലഭിക്കാനിടയുള്ള തുക എന്നിവ കണക്കുകൾ തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്തേണ്ടതാണ്.

2) ആദായ നികുതി കിഴിവിലേക്കായി സമർപ്പിക്കുന്ന അനുബന്ധ രേഖകൾ നിയമപരമായി അംഗീകാരമുള്ളതാണെന്ന് പെൻഷൻകാർ ഉറപ്പുവരുത്തേണ്ടതാണ്.

3) ആദായ നികുതി വകുപ്പ് 2020-21 സാമ്പത്തിക വർഷം മുതൽ രണ്ടു രീതിയിൽ കണക്കുകൾ ഏകോപിപ്പിച്ച് സമർപ്പിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട് .

*(i) 2019 ഫിനാൻസ് ആക്ട് (OLD SCHEME)*

*(ii) 2020 ഫിനാൻസ് ആക്ട് - റൂൾ 115 BAC (NEW SCHEME)*

എല്ലാ പെൻഷനർമാരും **ഇതിൽ അഭികാമ്യമായ ഏതെങ്കിലും ഒന്നു മാത്രം തിരഞ്ഞെടുക്കേണ്ടതും ആയത് കംപ്യൂട്ടേഷൻ സ്റ്റേറ്റ്മെന്റിന്റെ ബാധകമായ കോളത്തിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതുമാണ്.** അല്ലാത്തപക്ഷം പുതിയ സ്കീമിൽ ടാക്സ് കണക്കാക്കുന്നതാണ്.

**ഡോ.ബിസ്മി ഗോപാലകൃഷ്ണൻ**
രജിസ്ട്രാർ

സ്വീകർത്താവ്

എല്ലാ പെൻഷൻകാരും

Draft #1 of File 25496/AD A8-1/2025/AD A 8 Approved by Registrar on 23-Mar-2025 08:15 PM - Page 1

Draft #1 of File 25496/AD A8-1/2025/AD A 8 Approved by Registrar on 23-Mar-2025 08:15 PM - Page 2